## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 911 | 05.03.2018-ൽ മറുപടിയ്ക്ക് |

## മാനന്തവാടി മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഒ. ആർ. കേളു | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മാനന്തവാടി മണ്ഡലത്തിൽ എത്ര കിലോമീറ്റർ റോഡാണ് പൊതു മരാമത്ത് വകുപ്പിന്റെ കീഴിലുള്ളത്; | (എ) മാനന്തവാടി മണ്ഡലത്തിൽ പൊതു മരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗത്തിന്റെ പരിധിയിൽ 289.532 കി.മീ. റോഡ് MDR, SH, HH എന്നീ വിഭാഗങ്ങളിലായി നിലവിലുണ്ട്. |
| (ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈ വർഷം മാനന്തവാടി മണ്ഡലത്തിൽ അനുവദിച്ച തുക എത്രയാണ്; | (ബി) മാനന്തവാടി മണ്ഡലത്തിലൂടെയുള്ള പൊതുമരാമത്ത് റോഡുകളിലെ അറ്റകുറ്റപ്പണികൾക്കായി 454.50 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. |
| (സി) ഈ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാകാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (സി) പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിലുള്ള റോഡുകളിലെ അറ്റകുറ്റ പണികൾ സമയ ബന്ധിതമായി പൂർത്തീകരിച്ചു വരുന്നുണ്ട്. മെറ്റീരിയൽസിന്റെ ലഭ്യതക്കുറവും, കരാറുകാർ പ്രവൃത്തി ഏറ്റെടുക്കുന്നതിനുണ്ടാകുന്ന കാല വിളംബവും പ്രവൃത്തികളെ ബാധിക്കുന്നുണ്ട്. |
| (ഡി) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | (ഡി) റോഡുകളുടെ അറ്റകുറ്റപണികൾക്കായി സമർപ്പിച്ചിരിക്കുന്ന എല്ലാ എസ്റ്റിമേറ്റുകൾക്കും അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ